"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി-ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ഉൾപ്പെടുത്തിയ 6 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിലയെ എസ്.പി.വിയാക്കിയും, പദ്ധതി നിർവഹണ ഏജൻസിയായി അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

G.O.(Rt) No.2997/2020/GEDN തീയതി,തിരുവനന്തപുരം, 04/11/2020

---

പരാമർശം:- 1 07/11/2016ലെ സ.ഉ (പി) നം.186/2016/പൊ.വി.വ നമ്പർ ഉത്തരവ്

2 31/03/2017ലെ സ.ഉ (സാധാ) നം.936/2017/പൊ.വി.വ നമ്പർ ഉത്തരവ്

3 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗം 192 ◌ാം ഖണ്ഡിക

4 02/03/2019ലെ സ.ഉ (സാധാ) നം.836/2019/ പൊവിവ നമ്പർ ഉത്തരവ്

5 23/07/2019 ലെ സ.ഉ (സാധാ) നം.2990/2019/പൊവിവ നമ്പർ ഉത്തരവ്

6 കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/10/2020 ലെ കൈറ്റ് -ഇൻഫ്രാ /2020/2152(1) നമ്പർ കത്ത്

7. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/10/2020 ലെ 17/2020 KEM നം കത്ത്.

<u>ഉത്തരവ്</u>

പരാമർശം (1) പ്രകാരം നവകേരള ദൗത്യത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിനുള്ള രൂപരേഖ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ സ്കൂളുകളുടെ ശാസ്ത്രീയമായ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് അംഗീകൃത ഏജൻസിയായ കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ സ്കൂളുകളിൽ, ശാസ്ത്രീയമായ മാസ്റ്റർപ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ലാത്തതുമായ 7 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകികൊണ്ടും, ഇവയെല്ലാം കിഫ്ബി മുഖേന സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈറ്റ്, കിറ്റ്കോ എന്നിവർ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ച് ഭരണാനുമതി നൽകികൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട ഗവൺമെന്റ് ഹൈസ്കൂൾ കേരളപുരം സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള

സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ഏജൻസിയായി അംഗീകരിച്ച് പരാമർശം (5) പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്.

2) ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയ മറ്റ് 6 സ്കൂളുകളുടെ എസ്.പി.വിയായ കൈറ്റിനെ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യംപൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പരാമർശം 7 ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) ഉത്തരവിൽ ഉൾപ്പെട്ട താഴെപ്പറയുന്ന സ്കൂളുകളുടെ എസ്.പി.വിയായും പദ്ധതി നിർവഹണ ഏജൻസിയായും **കിലയെ** ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.കമലേശ്വരം ജി.എച്ച്.എസ്.എസ് ,തിരുവനന്തപുരം

2. ഗവ.എച്ച്.എസ് .എസ് ചൊവ്വര,എറണാകുളം

3.പൊൻമുണ്ടം ജി.എച്ച് .എസ്.എസ്,മലപ്പുറം

4.നാരങ്ങാനം ജി.എച്ച് .എസ്.എസ്,പത്തനംതിട്ട

5.ചിറക്കര ജി.എച്ച്.എസ്,കൊല്ലം

6.ജി എംഎം എച്ച് എസ്എസ്,പാലക്കാട്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A. SHAJAHAN
SECRETARY

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ് ,തൃശ്ശൂർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വഴുതക്കാട്,തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബി, തിരുവനന്തപുരം

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തിരുവനന്തപുരം

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എെ&പിആർഡി (വെബ്& ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by NAMITHA T
Date: 2020.11.05 12:40:18 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്- പൊതുവിദ്യാഭ്യാസ മന്ത്രിയുടെ പി.എസിന്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ യ്ക്ക്